എം.റ്റി(3)36261/08 സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം. തീയതി: 8-08-2008.

## സർക്കുലർ നമ്പർ. 60/08

വിഷയം : സഹകരണ വകുപ്പ് – എം.ദാസൻ മെമ്മോറിയൽ കോ – ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ആൻറ് ഇൻഫർമേഷൻ ടെക്നോളജി ക്ലിപ്തം നമ്പർ.4460 – സംസ്ഥാനത്തിലെ സഹകരണ വകുപ്പിന് കീഴിലുള്ള വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്നും ഓഹരി എടുക്കുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച്

സൂചന : 1) സംഘം ഭരണസമിതിയുടെ 15/6/2008 ലെ 2-ാം നമ്പർ തീരുമാനം
2) കോഴിക്കോട് ജനറൽ വിഭാഗം ജോയിൻറ് രജിസ്ട്രാറുടെ 24/7/2008 ലെ എസ്.ടി.4205/2008 നമ്പർ കത്ത്

4460-ാം നമ്പർ എം.ദാസൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ആൻറ് ഇൻഫർമേഷൻ ടെക്നോളജിക്ക് പ്രവർത്തന മൂലധനം സ്വരൂപിക്കുന്നതിലേക്കായി ടി സംഘത്തിൽ സംസ്ഥാനത്തിലെ വിവിധ സഹകരണ സ്ഥാപനങ്ങൾ ഓഹരി എടുക്കുന്നതിന് സഹകരണ സംഘം രജിസ്ടാറുടെ അനുമതിക്കായി സൂചന (1) പ്രകാരം സംഘം ഭരണസമിതി തീരുമാനം കൈകൊള്ളുകയും, പ്രസ്തുത തീരുമാനത്തിൻെറ അടിസ്ഥാനത്തിൽ എം.ദാസൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ആൻറ് ഇൻഫർമേഷൻ ടെക്നോളജി സഹകരണ സംഘത്തിന് സംസ്ഥാനത്തിലെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്നും ഓഹരി പിരിക്കുന്നതിന് അനുമതി നൽകാവുന്നതാണെന്ന് സൂചന (2) പ്രകാരം കോഴിക്കോട് ജനറൽ വിഭാഗം ജോയിൻറ് രജിസ്ടാർ ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. സംഘം നിയമാവലി പ്രകാരം ആയതിന് വ്യവസ്ഥയുണ്ട്. 1969 ലെ കേരള സഹകരണ സംഘം ആക്ട് വകുപ്പ് 57(സി) പ്രകാരം സഹകരണ സംഘങ്ങൾക്ക് മറ്റു

സഹകരണ സംഘങ്ങളിൽ ഓഹരി/സെക്യൂരിറ്റി എന്നിവയിൽ രജിസ്ട്രാറുടെ അനുമതിയോടെ നിക്ഷേപിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ അതാത് സംഘങ്ങളുടെ ബൈലോ വ്യവസ്ഥക്കും, കേരള സഹകരണ നിയമം/ചട്ടം എന്നിവയ്ക്കും വിധേയമായി എം.ദാസൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ആൻറ് ഇൻഫർമേഷൻ ടെക്നോളജി ക്ലിപ്തം നമ്പർ.4460 ൽ ഓഹരി എടുക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സംസ്ഥാനത്തിലെ സഹകരണ സ്ഥാപനങ്ങൾക്ക് ഇതിനാൽ അനുമതി നൽകുന്നു.

ഒപ്പ്
റാണി ജോർജ്. ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

സെക്രട്ടറി
എം.ദാസൻ മെമ്മോറിയൽ കോ - ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്
എഞ്ചിനീയറിംഗ് ആൻറ് ഇൻഫർമേഷൻ ടെക്നോളജി ക്ലിപ്തം നമ്പർ.4460
ഉള്ളിയേരി.പി.ഒ, കോഴിക്കോട്-673323

പകർപ്പ് - 1) ജോയിൻറ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ)
(സർക്കുലർ നിർദ്ദേശം സഹകരണ സംഘങ്ങളുടെ
ശ്രദ്ധയിൽപെടുത്തേണ്ടതാണ്.)
2) സ്റ്റോക്ക് ഫയൽ 3) സ്പെയർ

//ആജ്ഞാനുസരണം//

സഹകരണ സംഘം രജിസ്ട്രാർക്കുവേണ്ടി